**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4710** **29-10-2021 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഉൾനാടൻ മത്സ്യകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് വിപണിയിൽ വേണ്ടത്ര ആവശ്യക്കാരില്ലാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | മത്സ്യലഭ്യത കുറവായ ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് നല്ല വിപണി ലഭിക്കുന്നുണ്ട്. തദ്ദേശീയ മത്സ്യ ഇനങ്ങളായ കരിമീൻ, കാളാഞ്ചി, വരാൽ എന്നിവയ്ക്ക് മാർക്കറ്റിൽ വിപണന സാദ്ധ്യത കൂടുതൽ ഉണ്ട്. എന്നാൽ ഉൾനാടൻ മത്സ്യകൃഷിയിലൂടെ ശാസ്ത്രീയമായി കൃഷി ചെയ്യുവർ ഒരുമിച്ച് വിളവെടുത്ത സാഹചര്യത്തിൽ വിവിധ ജില്ലകളിലെ പ്രദേശങ്ങളിൽ ചില കർഷകർക്ക് മത്സ്യത്തിന് മതിയായ വിപണന മൂല്യം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 'അക്വാചിക്കൻ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഗിഫ്റ്റ് (G.I.F.T) ഉൾപ്പെടെയുള്ള മത്സ്യങ്ങൾ സംഭരിക്കുന്നതിന് പദ്ധതിയോ സംവിധാനമോ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | 'അക്വാചിക്കൻ' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഗിഫ്റ്റ് (G.I.F.T) തിലാപ്പിയ മത്സ്യങ്ങൾ ഉപഭോക്താക്കൾക്ക് താല്പര്യം ഉള്ളതിനാൽ ആവശ്യാനുസരണം മത്സ്യഫെഡ് കർഷകരിൽ നിന്നും സംഭരിച്ച് ഫിഷ് മാർട്ടുകൾ വഴി വിപണനം നടത്തിവരുന്നു. കൂടാതെ വിവിധ മത്സ്യകൃഷി പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉൾനാടൻ മത്സ്യങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ